# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 372 12/05/2017-ലെ മറുപടിയ്ക്ക്

## എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കുള്ള ദുരിതാശ്വാസ നിധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.വി.രാജേഷ്<br>" ഐ.ബി.സതീഷ്<br>" കെ.കെ.രാമചന്ദ്രൻ നായർ<br>" പി. ഉണ്ണി | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തെല്ലാം ധനസഹായമാണ് എസ്.സി./എസ്.റ്റി.വിഭാഗക്കാർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാരകമായ രോഗങ്ങൾ ബാധിച്ചവർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി 50,000/-രൂപ അനുവദിക്കുന്നുണ്ട്. ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ബ്രെയിൻ ട്യൂമർ, ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ കുടുംബത്തിലെ ഏകവരുമാന ദായകൻ മരണപ്പെട്ടാൽ 50,000/-രൂപ ധനസഹായം അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31/03/2017 വരെ 23073 പേർക്ക് 45,99,28,104/-രൂപ ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. കുടുംബത്തിലെ വരുമാനദായകനായ അംഗം മരണപ്പെട്ട 17 കേസുകളിൽ ഇതുവരെ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 201 പേർക്ക് 65,81,896/-രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർക്ക് 50,000/-രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) | ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ എത്രയാണ്; കൂടുതൽ പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വരുമാന പരിധി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ 50,000/-രൂപയാണ്. ഇത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ 1 ലക്ഷം രൂപയാണ്. |
| (സി) | പ്രസ്തുത ദുരിതാശ്വാസ നിധിയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള മറ്റ് നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷയും, ജാതി, വരുമാന സർട്ടിഫിക്കറ്റുകളും ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും വച്ച് ബന്ധപ്പെട്ട ഓഫീസുകളിൽ സമർപ്പിക്കണം.<br>തീപിടുത്തം, പ്രകൃതിക്ഷോ ഭം എന്നിവ മൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുന്ന കേസുകളിൽ അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നാശ നഷ്ടം സംബന്ധിച്ച് തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കുടുംബത്തിന്റെ ഏകവരുമാന ദായകന്റെ അപകട മരണത്തെ തുടർന്നുള്ള ധനസഹായത്തിന് അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**